തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - പുനഃസംഘടിപ്പിക്കപ്പെട്ട പൊതുസഭ - പഠനസ്കൂൾ ഡയറക്ടർമാർ - മുഴുവൻസമയ അദ്ധ്യാപകർ എന്നീ മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി പൊതുസഭ വിപുലീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

നമ്പർ: 50/2015/നി.സ/വി.സി./വാല്യം 3 തിയതി; തിരൂർ 16.05.2022

---

പരാമർശം: 1. 03.02.2022 ലെ ഇതേ നമ്പർ സർവകലാശാല ഉത്തരവ്
2. 09.05.2022 ലെ 395/എ1/2022/അഡ്മിൻ എന്ന വിജ്ഞാപനം

## ഉത്തരവ്

പരാമർശം (1) പ്രകാരം, കാലാവധി പൂർത്തിയാക്കിയ പൊതുസഭ 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം III 9(എ) യിൽ അനുശാസിക്കുന്ന പ്രകാരം ഔദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുകയുണ്ടായി. ഇതേ നിയമത്തിലെ 9(സി) പ്രകാരം, പഠനവിഭാഗങ്ങളിലെ ഡയറക്ടർമാർ, മുഴുവൻ സമയ അദ്ധ്യാപകർ എന്നിവരുടെ മണ്ഡലങ്ങളിൽ നടത്തിയ തെരഞ്ഞെടുപ്പിനെ തുടർന്ന് പരാമർശം (2) പ്രകാരം താഴെപ്പറയുന്ന അംഗങ്ങളെ അതതു മണ്ഡലങ്ങളിൽ നിന്നും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പഠനസ്കൂൾ ഡയറക്ടർമാരുടെ മണ്ഡലം

1. പ്രൊഫ. (ഡോ.) അനിൽ കെ.എം. (ഡയറക്ടർ, എഴുത്തച്ഛൻ പഠനസ്കൂൾ)
2. ഡോ. സ്മിത കെ. നായർ (ഡയറക്ടർ, ഭാഷാശാസ്ത്ര സ്കൂൾ)

മുഴുവൻ സമയ അദ്ധ്യാപക മണ്ഡലം

1. ഡോ. കെ.വി. ശശി (അസിസ്റ്റന്റ് പ്രൊഫസർ, സംസ്കാരപൈതൃകപഠനസ്കൂൾ)
2. ഡോ. ധന്യ ആർ. (ഡയറക്ടർ/അസിസ്റ്റന്റ് പ്രൊഫസർ, പരിസ്ഥിതിപഠനസ്കൂൾ)

മേൽവിവരിച്ച വസ്തുതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം III 9 (സി) ഉപവകുപ്പ് iii പ്രകാരം തെരഞ്ഞെടുപ്പ് ഫലവിജ്ഞാപനമനുസരിച്ച് മേൽപറഞ്ഞ അംഗങ്ങളെ ഉൾപ്പെടുത്തി പൊതുസഭ വിപുലീകരിക്കാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. പരാമർശം (1) പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട പൊതുസഭയുടെ കാലാവധി അദ്ധ്യായം III 10 (1) വകുപ്പ് പ്രകാരം മൂന്നു വർഷമായിരിക്കും. കൂടാതെ ഇതേ അദ്ധ്യായം 10 (2, 3) വകുപ്പുകളും കാലാവധി നിർണയത്തിനു ബാധകമായിരിക്കും. ടി നിയമത്തിലെ 12 (2) വകുപ്പ് പ്രകാരം പൊതുസഭയുടെ ക്വാറം ആകെയുള്ള അംഗങ്ങളുടെ 1/3 ആയിരിക്കും. യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് നൽകുന്ന പ്രതിഫലം അതത് സാമ്പത്തികവർഷത്തെ 01-2015-01 എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

മേൽപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്ജ്

എല്ലാ അംഗങ്ങൾക്കും
പകർപ്പ്: വി.സി. കാര്യാലയം / രജിസ്ട്രാർ കാര്യാലയം / ഫിനാൻസ് വിഭാഗം
ജെ.ഡി, കെ.എസ്.എ.ഡി, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഓഫീസ് രേഖ / കരുതൽ രേഖ